(ബി) എടുത്തു.

(സി) ബ്രഹ്മപുരത്ത് ഖരമാലിന്യ സംസ്ക്കരണത്തിനായി വാങ്ങിയ സ്ഥലത്ത് ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് നിർമ്മിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) അനുയോജ്യമാണെന്നു കാണുകയാണെങ്കിൽ സ്വീകരിക്കുന്നതാണ്.

ഇടുക്കി ജില്ലയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

41 [1727] *ശ്രീ. ഇ. എം. അഗസ്തി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പഞ്ചായത്തുകളിലൂടെ എന്തെല്ലാം വികസന പദ്ധതികൾ ഇടുക്കി ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഓരോ ഇനത്തിലും ചെലവഴിച്ച തുകയും ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാം; ഇപ്പോൾ തുടരുന്ന പദ്ധതികൾ ഏതെല്ലാം;

(ഡി) ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ; ഓരോന്നിന്റേയും ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ പഞ്ചായത്തുകളിൽ കേരള വികസനപദ്ധതി പ്രകാരം റോഡുനിർമ്മാണം, മാർക്കറ്റിംഗ് കോംപ്ലക്സുകൾ, ആഫീസ് കെട്ടിടങ്ങൾ, വീട്, അംഗൻവാടി തുടങ്ങിയവ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ കമ്പ്യൂട്ടർ പരിശീലനവും മഴക്കുഴി നിർമ്മാണം, ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ എന്നീ പ്രോജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്.

(ബി)	റോഡു നിർമ്മാണം	-	1047.05	ലക്ഷം രൂപ
	മാർക്കറ്റിംഗ് കോംപ്ലക്സ്	-	168	,,
	ആശുപത്രി കെട്ടിടങ്ങൾ	-	22	,,
	പാലങ്ങൾ	-	114	ലക്ഷം രൂപ
	വീട്	-	1487.85	,,
	സ്കൂൾ കെട്ടിടം	-	50	,,

LIBRARY ARCHIVES Kerala Legislative Assembly

(സി) മുകളിൽ പറഞ്ഞിട്ടുള്ള പദ്ധതികളെല്ലാം പൂർത്തിയായിട്ടുള്ളതാണ്. മഴക്കുഴി നിർമ്മാണം, ഭവന നിർമ്മാണം, കക്കൂസ് നിർമ്മാണം, കിണർ തുടങ്ങി വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള പദ്ധതികളും പൊതുവായ പദ്ധതികളായ പാലം, റോഡ്, മാർക്കറ്റ് തുടങ്ങിയവയും ഇപ്പോഴും തുടരുന്ന പദ്ധതികളാണ്.

(ഡി) അതാതു വർഷത്തെ പ്രോജക്ടുകൾ പഞ്ചായത്ത് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതി അംഗീകാരം വാങ്ങിയാണ് നടപ്പിലാക്കുന്നത്. ഗ്രാമസഭകൂടി പദ്ധിതി രൂപീകരണം സംബന്ധിച്ച് ചർച്ച ചെയ്താണ് ഓരോ പ്രദേശത്തേയും വികസന പദ്ധതികൾ നടപ്പാക്കുന്നത്. അത് മുൻകൂട്ടി വെളിപ്പെടുത്താൻ കഴിയുന്നതല്ല.

കോഴിക്കോട് നഗരസഭയിലെ ചേരി നിർമ്മാർജ്ജനം

42 [1728] *ശ്രീ. എ. സുജനപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ കഴിഞ്ഞ നാലുവർഷങ്ങളിലായി ചേരി നിർമ്മാർജ്ജനത്തിനുവേണ്ടി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും എത്ര ഫണ്ട് നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ നൽകുമോ;

(സി) കോഴിക്കോട് നഗരത്തിൽ എവിടെയെല്ലാമാണ് ചേരി നിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കിയത്; വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കോഴിക്കോട് നഗരത്തിൽ കഴിഞ്ഞ നാലുവർഷങ്ങളിലായി ചേരി നിർമ്മാർജ്ജനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ചേരിവികസന പരിപാടിയും, വാത്മീകീ അംബദ്കർ ആവാസ് യോജനയും സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ചുള്ള ചേരിപരിഷ്കരണ പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധം - I-ൽ ചേർത്തിരിക്കുന്നു.†

(ബി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 5,22,76,901 രൂപ നൽകിയിട്ടുണ്ട്. വിശദ വിവരം അനുബന്ധം - II-ൽ ചേർത്തിരിക്കുന്നു.†

(സി) ചേരികളുടെ പേരുവിവരം അനുബന്ധം - III-ൽ ചേർത്തിരിക്കുന്നു.†

† അനുബന്ധം - VIII, VIII (എ), VIII (ബി).

LIBRARY ARCHIVES Kerala Legislative Assembly